# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1782 06.03.17 ൽ മറുപടിയ്ക്ക്**

**തൃക്കരിപ്പൂർ ടൗണിൽ നിന്നും സൂപ്പർഫാസ്റ്റ്, ഹൈടെക് ബസ് സർവീസുകൾ ആരംഭിക്കാൻ നടപടി**

| | ചോദ്യം<br>ശ്രീ.എം.രാജഗോപാലൻ | | ഉത്തരം<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പമന്ത്രി) |
|---|---|---|---|
| (എ) | കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ ടൗണിൽ നിന്നും വർഷങ്ങളായി നിരവധി അന്തർസംസ്ഥാന സ്വകാര്യ ബസ്സുകൾ ബാംഗ്ലൂർ, മൈസൂർ ഭാഗങ്ങളിലേക്ക് നിത്യേന സർവ്വീസ് നടത്തുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇത്രയും കാലമായിട്ടും ഇവിടെനിന്നും കാര്യക്ഷമമായ രീതിയിൽ കെ.എസ്.ആർ.ടി.സി. സൂപ്പർഫാസ്റ്റ്, ഹൈടെക് ബസ്സുകൾ ആരംഭിക്കാൻ കഴിയാത്തതെന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | അന്തർസംസ്ഥാന കരാർ വ്യവസ്ഥകൾ-ക്കനുസരിച്ചാണ് കെ.എസ്.ആർ.ടി.സി. മൈസൂർ, ബാംഗ്ലൂർ പോലെയുള്ള നഗരങ്ങളിലേക്ക് അന്തർ സംസ്ഥാന സർവ്വീസ് നടത്തി വരുന്നത്. കെ.എസ്.ആർ.ടി.സിക്ക് സൂപ്പർ ഫാസ്റ്റ്, ഹൈടെക്ക് ബസ്സുകൾ സർവ്വീസ് ആരംഭിക്കുവാൻ സാധിക്കാത്തത് ഇത്തരത്തിലുള്ള ബസ്സുകളുടെ ലഭ്യതക്കുറവ് മൂലമാണ്. |
| (സി) | അനുകൂല സാഹചര്യങ്ങൾ ഉണ്ടായിട്ടും ലാഭകരമായ റൂട്ടുകളിൽ സർവ്വീസ് ആരംഭിക്കാൻ തുനിയാത്തതെന്തുകൊണ്ടെന്നും വ്യക്തമാക്കാമോ? | (സി) | കെ.എസ്.ആർ.ടി.സി നിലവിൽ ലാഭകരമായ റൂട്ടുകളിൽ സർവ്വീസ് നടത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ